**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2490** **12-10-2021 - ൽ മറുപടിയ്ക്ക്**

**ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ് എന്ന സ്ഥാപനത്തിൽ സർക്കാർ / പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരി വിഹിതം എത്രയാണ് എന്ന് അറിയിക്കാമോ; | (എ) | കെഎസ്ഐഡിസി.ക്ക് 10 രൂപ മുഖവിലയുള്ള 36,70,000 ഓഹരി ഉണ്ട്. ഇത് കമ്പനിയുടെ ഓഹരിയുടെ 10.84% വരും |
| (ബി) | ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ് സ്ഥാപനത്തിന്റെ മൂലധനം, നിലവിൽ ഏറ്റെടുത്തിട്ടുള്ള സംരഭങ്ങൾ, വ്യവസായതല വിപണി ഇടപാടുകൾ, ഈ കമ്പനിയിലെ ജീവനക്കാരുടെ നിയമനം, സേവന വ്യവസ്ഥകൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ നൽകാമോ; | (ബി) | ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡിന്റെ നിലവിലെ മൂലധനം 33.87 കോടി രൂപയാണ്. സ്ഥാപനം നിലവിൽ Financial Leasing, Equity Financing എന്നീ ധനകാര്യ ഇടപാടുകൾ നടത്തുന്നു . നിലവിൽ കമ്പനിക്ക് 9 സ്ഥിരം ജീവനക്കാരാണ് ഉള്ളത്. ജീവനക്കാരുടെ നിയമനങ്ങൾ കമ്പനി ബോർഡ് ഓഫ് ഡയറക്ടേർസ് നിർദ്ദേശാനുസരണം ആണ് നടപ്പിലാക്കുന്നത്. കമ്പനി പ്രവർത്തിക്കുന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള NBFC ആയിട്ടാണ്. കമ്പനിക്ക് leasing ആൻഡ് Equity Financing പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാനുള്ള ND-NBFC (Non Deposit taking NBFC) ലൈസൻസ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് 2013 -ൽ ലഭിച്ചു. മുഖ്യമായും വൈദ്യശാസ്ത്ര ഉപകരണങ്ങളും വ്യവസായിക യന്ത്ര ഉപകരണങ്ങളും ആണ് ലീസ് അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്നത്. അതിൽ നിന്നുള്ള വാടക വരുമാനമായി സ്വീകരിക്കുകയും ചെയ്യുന്നു. 25 സ്ഥാപനങ്ങൾക്കായി 45.92 കോടി രൂപയുടെ ഉപകരണങ്ങൾ ലീസ് അടിസ്ഥാനത്തിൽ ഇതുവരെ നൽകിയതായി അറിയിച്ചിട്ടുണ്ട്. ഇതുകൂടാതെ മെച്ചപ്പെട്ട വിപണി സാധ്യതയുള്ള സ്റ്റാർട്ടപ്പുകളിൽ കുറഞ്ഞ തോതിൽ മൂലധന നിക്ഷേപം നടത്തിയിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. RBI യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമെന്ന നിലയിൽ Deposit (നിക്ഷേപങ്ങൾ) സ്വീകരിക്കാൻ അനുവാദമില്ലാത്തതിനാൽ കമ്പനിയുടെ ഷെയർ ക്യാപിറ്റൽ ഉപയോഗിച്ചാണ് വിപണി ഇടപെടലുകൾ |

| | | | |
|---|---|---|---|
| | | | നടത്തിയിട്ടുള്ളത്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ വാർഷിക പരിശോധനയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് കമ്പനിയുടെ പ്രവർത്തനം തുടർന്ന് വരുന്നത് |
| (സി) | പലിശ രഹിതമായി വ്യവസായതല വിപണി ഇടപെടലുകളും മൂലധന നിക്ഷേപങ്ങളും വായ്പ സംവിധാനങ്ങളും നടപ്പിലാക്കുവാൻ ചേരമാൻ ഫിനാൻഷ്യൽ സർവീസസ് എന്ന സ്ഥാപനത്തിന് ഫലപ്രദമായി കഴിഞ്ഞിട്ടുണ്ടോയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | പ്രത്യേക പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ